**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 630** **06-12-2022 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി നാളികേര പാർക്ക് പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2022-23 സാമ്പത്തിക വർഷം ബജറ്റിൽ അനുവദിച്ച കുറ്റ്യാടി നാളികേര പാർക്കിനായുള്ള പ്രവൃത്തികൾ ഏത് ഘട്ടത്തിൽ ആണെന്ന വിശാദാംശം അറിയിക്കുമോ; | (എ) | പാർക്കിനായുള്ള ഭൂമി വികസിപ്പിക്കുന്നതിനെപ്പറ്റിയുള്ള പഠനം നടത്തുന്നതിന് കിറ്റ്കോയെ ചുമതലപ്പെടുത്തിയിരുന്നു. പഠനം പൂർത്തിയാക്കി കിറ്റ്കോ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കരട് മാസ്റ്റർപ്ലാനും സമർപ്പിച്ചിട്ടുണ്ട്. ചുറ്റുമതിൽ, ഗേറ്റ്, സുരക്ഷാ ക്യാബിൻ, അനുബന്ധ ജോലികൾക്കായുള്ള പ്രവർത്തിയുടെ ഇ-ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | 2021 ജൂൺ മുതൽ നാളിതുവരെയായി എന്തൊക്കെ പ്രവൃത്തികൾ ആണ് പൂർത്തീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ; | (ബി) | കിറ്റ്കോ ഭൂമി വിനിയോഗത്തെപ്പറ്റിയുള്ള പഠനം പൂർത്തിയാക്കിയിട്ടുണ്ട്. പാഴ്മരങ്ങൾ വെട്ടിത്തെളിച്ചു. ടോപ്പോഗ്രാഫിക്കൽ സർവേ പൂർത്തിയാക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുകയും കരാർ കാലാവധിയും എത്രയാണെന്നും ആയത് എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കുമോ? | (സി) | മാസ്റ്റർപ്ലാൻ തയ്യാറാക്കുന്ന പ്രവർത്തി-കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്‌തുത പ്രവർത്തി Rs.17.05 lakhs plus GST ചിലവിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ടോപ്പോഗ്രാഫിക്കൽ സർവേ, സോയിൽ ഇൻവെസ്റ്റിഗേഷൻ, കാട് വെട്ടിത്തെളിക്കൽ എന്നിവയ്ക്കായുള്ള ചെലവുകൾ അധികമായിരിക്കും. കിറ്റ്കോ ഭൂമി വിനിയോഗത്തെപ്പറ്റിയുള്ള പഠനം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കരട് മാസ്റ്റർപ്ലാനും സമർപ്പിച്ചിട്ടുണ്ട്.<br><br>ചുറ്റുമതിൽ, ഗേറ്റ്, സുരക്ഷാ ക്യാബിൻ, അനുബന്ധ ജോലികൾക്കായുള്ള 751.47 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന പ്രവർത്തിയുടെ ഇ-ടെൻഡർ 30/11/2022- ന ക്ഷണിച്ചിട്ടുണ്ട്. പ്രസ്‌തുത പ്രവർത്തി ഡിസംബർ 2023 ൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് |

സെക്ഷൻ ഓഫീസർ